10722
11/5/17

കേരള സർക്കാർ

## സംഗ്രഹം

വനം-വന്യജീവി വകുപ്പ്-തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷൻ മച്ചാട് റെയിഞ്ച് 1939-40 ചെപ്പിലക്കോട് തേക്ക് തോട്ടത്തിലെ അന്തിമവെട്ട് നടത്തി തടി ശേഖരിച്ചതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് മുൻ വിട്ടൂർ ഡിപ്പോ ഓഫീസറായിരുന്ന ശ്രീ.എൻ.സി.ആനന്ദകുമാറിനെതിരെ അച്ചടക്ക നടപടി-സസ്പെൻഷൻ കാലയളവ് ക്രമീകരിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

**വനം വന്യജീവി (എ) വകുപ്പ്**

സ.ഉ. (സാധാ) നം.177/2017/വനം തീയതി, തിരുവനന്തപുരം, 06.05.2017

പരാമർശം:-
1) 12.01.2016 ലെ സ.ഉ.(സാധാ)നം.36/2006/വനം നമ്പർ ഉത്തരവ്
2) 04.02.2011 ലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ IFS-1-1122/2010 നമ്പർ കത്ത്
3) 03.10.2013 ലെ സ.ഉ.(സാധാ)നം.390/2013/വനം നമ്പർ ഉത്തരവ്
4) 09.12.2013 ലെ സ.ഉ.(സാധാ)നം.370/2013/വനം നമ്പർ ഉത്തരവ്
5) 19.12.2013 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഡി&പി) റുടെ ഉത്തരവ്
6) 03.08.2016 ലെ ശ്രീ.ആനന്ദ് കുമാർ സമർപ്പിച്ച അപേക്ഷ
7) 18.10.2016 ലെ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ (ഭരണം) റുടെ ബി7-48971/2014 നമ്പർ കത്ത്

## ഉത്തരവ്

തൃശ്ശൂർ ഫോറസ്റ്റ് ഡിവിഷൻ മച്ചാട് റെയിഞ്ച് 1939-40 ചെപ്പിലക്കോട് തേക്ക് തോട്ടത്തിലെ അന്തിമവെട്ട് നടത്തി തടി ശേഖരിച്ചതിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരം മുൻ വിട്ടൂർ ഡിപ്പോ ഓഫീസറായിരുന്ന ശ്രീ.എൻ.സി.ആനന്ദകുമാർ ഉൾപ്പെടെ 11 ജീവനക്കാരെ സർവ്വീസിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നു. മേൽ വിഷയം സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ കേസ് രജിസ്റ്റർ ചെയ്തിരുന്നെങ്കിലും തേക്ക തടികൾ മോഷ്ടിച്ചതിന് നേരിട്ട് പങ്കാളിത്തം വഹിക്കാത്തതിനാൽ കുറ്റാരോപിതരുടെ പട്ടികയിൽ നിന്നും ടിയാനുൾപ്പെടെ നാല് ജീവനക്കാരെ ഒഴിവാക്കിയിരുന്നു.

2. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അധികൃതർ, ശ്രീ.എൻ.സി.ആനന്ദ് കുമാർ, ഡിപ്പോ റെയിഞ്ച് ഓഫീസർ, വിട്ടൂർ, ശ്രീ.സി.എസ്.പ്രഭുദാസൻ, ഡിപ്പോ ഓഫീസർ, ചെട്ടികുളം, ശ്രീ.കെ.അനിൽ കുമാർ, ഫോറസ്റ്റർ, വരാപ്പുഴ ഡിപ്പോ, ശ്രീ.പ്രേമചന്ദ്രർ, ഡിപ്പോ ഓഫീസർ, ചെട്ടികുളം എന്നീ 4 ഡിപ്പോ ഓഫീസർമാരെ കുറ്റവിമുക്തരാക്കിയെങ്കിലും കേരള ഫോറസ്റ്റ് കോഡിലെ സെക്ഷൻ 11.14 (iv) പ്രകാരം കോൺട്രാക്ടർ ഡിപ്പോയിൽ എത്തിച്ച

തടികൾ പരിശോധിച്ച് സ്റ്റോക്കിലെടുത്ത ശേഷം ഫോറം 12 ൽ ഡിപ്പോ രസീത് 24 മണിക്കൂറിനകം നൽകണമെന്ന ചുമതല ശ്രീ.എൻ.സി.ആനന്ദ് കുമാർ അടക്കമുള്ള ഓഫീസർമാർ പാലിച്ചിട്ടില്ല എന്ന് കാണുകയും, മെയിൻ പാസ് പ്രകാരമുള്ള തടികൾ കാലാവധി കഴിഞ്ഞിട്ടും ഡിപ്പോയിൽ എത്തിച്ചേർന്നോയെന്ന് പരിശോധിക്കാത്തതിനാലാണ് കോൺട്രാക്ടർ സർക്കാർ തടികൾ മോഷ്ടിച്ചത് കണ്ടെത്താൻ കാലതാമസം ഉണ്ടായത് എന്ന് കാണുകയും ചെയ്തതിനാൽ ടിയാനെതിരെ ഡിപ്പാർട്ട്മെന്റ് തലത്തിൽ അച്ചടക്ക നടപടി ആരംഭിക്കുകയും പരാമർശം (2) പ്രകാരം 2 വാർഷിക വർദ്ധനവ് സഞ്ചിത ഫല പ്രാബല്യമില്ലാതെ 2 വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് ഉത്തരവാകുകയും ചെയ്തിരുന്നു. തുടർന്ന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സിന്റെ 12.05.2011 ലെ ഉത്തരവ് പ്രകാരം ശ്രീ.എൻസി.ആനന്ദ്കുമാർ, ശ്രീ.സി.എസ്.പ്രഭുദാസൻ, ശ്രീ.കെ.അനിൽകുമാർ എന്നിവരുടെ സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിച്ചുകൊണ്ടും ശമ്പളം ഉപജീവനബത്തയിൽ നിജപ്പെടുത്തിയും ഉത്തരവായിരുന്നു.

3. ടി ഉത്തരവിനെതിരെ ശ്രീ.സി.എസ്.പ്രഭുദാസൻ, ശ്രീ.കെ.അനിൽകുമാർ എന്നിവർ അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് പരാമർശം (3) പ്രകാരം ശ്രീ.സി.എസ്.പ്രഭുദാസന്റേയും പരാമർശം (4), (5) പ്രകാരം ശ്രീ.അനിൽകുമാറിന്റേയും സസ്പെൻഷൻ കാലം ശമ്പളവും ബത്തകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി കൊണ്ടും മറ്റെല്ലാ കാര്യത്തിനും ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ടും ഉത്തരവായിരുന്നു.

4. ഒരേ കേസ്സിൽ ഒരേ പോലെ സസ്പെൻഷനിൽ കഴിഞ്ഞിട്ടുള്ള മൂന്ന് പേരിൽ 2 പേർക്ക് ലഭിച്ച ആനുകൂല്യം ടിയാന് ലഭിക്കാതെ പോയി എന്നും അന്യായമായി ദീർഘകാലം പുറത്തു നിൽക്കേണ്ടി വന്നതുമൂലമുള്ള മനസ്താപം കാരണമാണ് അപ്പീൽ സമർപ്പിക്കാതിരുന്നതെന്നും ആയതിനാൽ ടിയാന്റെ വേല വിലക്ക് കാലം ശമ്പളവും മറ്റാനുകൂല്യങ്ങളും ഉപജീവനബത്തയിലൊതുക്കി മറ്റെല്ലാ കാര്യത്തിനും ഡ്യൂട്ടിയായി പരിഗണിക്കണം എന്നാവശ്യപ്പെട്ട് പരാമർശം (6) പ്രകാരം ശ്രീ.ആനന്ദകുമാർ ഇപ്പോൾ അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

5. ഈ വിഷയത്തിൽ സൂചന (7) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റർ(ഭരണം) ഇപ്രകാരമഭിപ്രായപ്പെട്ടു.

ശ്രീ.സി.എസ്.പ്രഭുദാസൻ, ശ്രീ.കെ.അനിൽകുമാർ എന്നീ റെയിഞ്ചോഫീസർമാരുടെ പേരിലുണ്ടായിരുന്നത് ഒരേ കുറ്റാരോപണങ്ങളാണ് ഇരുവർക്കും ഒരേ ശിക്ഷയാണ് ലഭിച്ചത്. 12.05.2011 ലെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ ഉത്തരവ് പ്രകാരം ഇരുവരുടെയും സസ്പെൻഷൻ കാലം ക്രമീകരിച്ചതും ഒരു പോലെയാണ്. കെ.എസ്.ആർ.ഭാഗം I ചട്ടം 56 (ബി) (7) പ്രകാരം കുറ്റാരോപിതനായ ഉദ്യോഗസ്ഥന്റെ രേഖാമൂലമുള്ള സമ്മതം കൂടാതെ സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി പരിഗണിക്കാനാവില്ല. ഇക്കാരണത്താലാണ് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ 12.05.2011 ലെ ഉത്തരവിലെ നിർദ്ദിഷ്ട ഭാഗം മാത്രം ഭേദഗതി ചെയ്ത് ശ്രീ.പ്രഭുദാസൻ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ പുന:പരിശോധനാ ഹർജി 03.10.2013 ൽ സർക്കാർ അനുവദിച്ചത്. ഇതേ സാങ്കേതിക കാരണത്താൽ, തന്റെ സസ്പെൻഷൻ കാലം

അർഹതപ്പെട്ട അവധിയായി പരിഗണിക്കാനുള്ള തീരുമാനം പുന:പരിശോധിക്കപ്പെടാൻ ശ്രീ.എൻ.സി.ആനന്ദ്കുമാർ, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കും അർഹതയുണ്ട്.

6. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീ.എൻ.സി. ആനന്ദകുമാറിനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയത് ലഘുശിക്ഷ നൽകിയാണ് എന്നതിനാലും, ടിയാന്റെയൊപ്പം സസ്പെൻഡ് ചെയ്യപ്പെട്ട ശ്രീ.പ്രഭുദാസൻ, ശ്രീ.അനിൽകുമാർ എന്നിവരുടെ സസ്പെൻഷൻ കാലയളവുകൾ ഡ്യൂട്ടിയായി ക്രമീകരിച്ച സാഹചര്യത്തിലും ശ്രീ.എൻ.സി.ആനന്ദകുമാറിന്റെ 12.01.2006 മുതൽ 29.08.2007 വരെയുള്ള സസ്പെൻഷൻ കാലയളവ്, ടി കാലയളവിലെ ശമ്പളവും അലവൻസുകളും ഉപജീവനബത്തയിൽ പരിമിതപ്പെടുത്തി, എല്ലാ കാര്യങ്ങൾക്കും ഡ്യൂട്ടിയായി ക്രമീകരിക്കാവുന്നതാണ്. 30.03.2007 മുതൽ ജോലിയിൽ തിരികെ പ്രവേശിച്ച തീയതി വരെയുള്ള കാലയളവ് കേരള സർവ്വീസ് റൂൾസ് ഭാഗം ഒന്ന് ചട്ടം 56 ബി (6) ന് താഴെയുള്ള കുറിപ്പ് 2 പ്രകാരം പ്രവേശനകാലമായോ അർഹമായ അവധിയായോ ഇവ രണ്ടുമായോ ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി.മാരപാണ്ഡ്യൻ
അഡീഷണൽ ചീഫ് സെക്രട്ടറി

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് (ഭരണം)
ശ്രീ. ആനന്ദകുമാർ, (അഡീഷണൽ പ്രിൻസിപ്പൽ
കൺസർവേറ്റർ ഓഫ് ചീഫ് ഫോറസ്റ്റ് (ഭരണം) മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
വിവര സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ